# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 247 10.06.2013-ൽ മറുപടി

**ഫോൺ ചോർത്തൽ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി. ശിവൻകുട്ടി | | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) നായർ സർവ്വീസ് സൊസൈറ്റി ജനറൽ സെക്രട്ടറി ശ്രീ സുകുമാരൻ നായരുടെ ഫോൺ സംഭാഷണങ്ങൾ സംസ്ഥാന ആഭ്യന്തര വകുപ്പ് ചോർത്തുന്നു എന്ന വിഷയത്തിൽ അദ്ദേഹത്തിൽ നിന്ന് സർക്കാരിന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ; | (എ) | രേഖാമൂലം പരാതി ലഭിച്ചിട്ടില്ല. |
| ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) | ബാധകമല്ല. |
| സി) ഇല്ലെങ്കിൽ പ്രസ്തുത പരാതി ലഭിക്കാതെ തന്നെ ഇക്കാര്യത്തിൽ ഒരു ഉന്നത പോലീസ് ഉദ്യോഗസ്ഥനെ അന്വേഷണത്തിനായി സർക്കാർ നിയോഗിച്ച സാഹചര്യത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (സി) | ഫോൺ സംഭാഷണങ്ങൾ ചോർത്തുന്നു എന്ന് നായർ സർവ്വീസ് സൊസൈറ്റി ജനറൽ സെക്രട്ടറി ശ്രീ സുകുമാരൻ നായർ പത്രസമ്മേളനത്തിലൂടെ അറിയിച്ചതിനാൽ സത്യസ്ഥിതി അറിയുന്നതിന് എറണാകുളം റേഞ്ച് ഐ. ജി. യെ അന്വേഷണത്തിന് ചുമതലപ്പെടുത്തിയിരുന്നു. |

സെക്ഷൻ ഓഫീസർ